**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** **08-12-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ രംഗത്ത് ലോകനിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണോ പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെയാകെ തിരുത്തിയെഴുതുകയും പുതിയ കാലത്തിന് അനുയോജ്യമായ വിധം മാറുകയും ചെയ്ത പൊതുവിദ്യാലയങ്ങളും കോവിഡ് കാലത്ത് നടത്തിയ സവിശേഷമായ ഇടപെടലുകളും ലോക ശ്രദ്ധ നേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ലോക നിലവാരത്തിലുള്ള ഒരു പാഠ്യപദ്ധതിയ്ക്കു വേണ്ടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. |
| (ബി) | പഠിതാക്കളെ കേന്ദ്ര സ്ഥാനത്ത് നിർത്തിക്കൊണ്ട് അവരുടെ സമഗ്ര വികസനം സാധ്യമാക്കുന്ന തരത്തിലാണോ പുതിയ പാഠ്യപദ്ധതിക്ക് രൂപം നൽകുന്നതെന്ന് അറിയിക്കുമോ; | (ബി) | പാഠ്യപദ്ധതിയുടെ കേന്ദ്രം പഠിതാവാണ്. പഠിതാവിന്റെ പലവിധമായ ശേഷികളെ കണ്ടെത്താനും വ്യക്തി എന്ന നിലയിലും സമൂഹ ജീവി എന്ന നിലയിലും വളരാനും വികസിക്കാനും സഹായിക്കുന്നതാകണം പാഠ്യപദ്ധതി. വിവരങ്ങൾ ശേഖരിക്കുകയും ഓർത്തു വയ്ക്കുകയും ചെയ്യലാണ് പഠനം എന്ന പരമ്പരാഗത സങ്കൽപത്തിന് പുതിയ കാലത്ത് വലിയ പ്രസക്തിയില്ല. ആശയ വിനിമയ ശേഷി, മറ്റുള്ളവരോട് ചേർന്ന് പ്രവർത്തിക്കാനുള്ള ശേഷി, വിമർശനബുദ്ധി, സർഗ്ഗാത്മകത എന്നിവയെല്ലാമാണ് പുതിയ കാലത്ത് നിർണായകമാകുന്ന ജീവിത നൈപുണികൾ. ഓരോ കുട്ടിയിലും നിസ്തുലമായ കഴിവുകൾ ഉണ്ടെന്നും അത് കണ്ടെത്താനും വളർത്താനും അവരെ സഹായിക്കലാണ് വിദ്യാലയങ്ങൾ ചെയ്യേണ്ടത് എന്നുമുള്ള കാഴ്ചപ്പാടിലാണ് പുതിയ പാഠ്യപദ്ധതി പരിഷ്കരണം മുന്നേറുന്നത്. |
| (സി) | ത്വരിതഗതിയിൽ വികസിക്കുന്ന ശാസ്ത്ര, സാങ്കേതികശാസ്ത്ര വിജ്ഞാനം ഉൾക്കൊള്ളാൻ ശേഷി സൃഷ്ടിക്കുന്നതിനും ജനാധിപത്യമൂല്യവും ബഹുസ്വരതയും ലിംഗസമത്വബോധവും പകർന്ന് | (സി) | നവസാങ്കേതികവിദ്യ നൽകുന്ന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതാകണം നമ്മുടെ വിദ്യാഭ്യാസം എന്നതാണ് പാഠ്യപദ്ധതിയുടെ കാഴ്ചപ്പാട്. എന്നാൽ അത് മാനുഷിക മൂല്യങ്ങൾ |

| | | | |
|---|---|---|---|
| | നൽകുന്നതിനും പഠന ചട്ടക്കൂട് ലക്ഷ്യം വയ്ക്കുന്നുണ്ടോ; വിശദമാക്കുമോ? | | നഷ്ടപ്പെടുത്തി യാന്ത്രികതയിലേയ്ക്ക് നയിക്കാനും പാടില്ല. ആധുനികത, മാനവികത, ജനകീയത എന്നിവയിൽ അടിയുറച്ച് കൊണ്ടാണ് നമ്മുടെ പാഠ്യപദ്ധതി പരിഷ്കരണം മുന്നോട്ട് പോകുന്നത്. |

സെക്ഷൻ ഓഫീസർ